പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 31.01.2014-ൽ മറുപടിക്ക്

ചോദ്യം നമ്പർ: 342 *

## വാസയോഗ്യമായ പാർപ്പിടമില്ലാത്ത കുടുംബങ്ങളെ സംബന്ധിച്ച വിവരശേഖരണം

### ചോദ്യം

ശ്രീ. റ്റി. എ. അഹമ്മദ് കബീർ:
,, എൻ. എ. നെല്ലിക്കുന്ന്:
,, പി. ഉബൈദുള്ള:
,, സി. മമ്മൂട്ടി:

(എ) സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള വാസയോഗ്യമായ പാർപ്പിടമില്ലാത്ത കുടുംബങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നല്കാമോ;

### ഉത്തരം

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

വാസയോഗ്യമായ പാർപ്പിടമില്ലാത്ത കുടുംബങ്ങളെ സംബന്ധിച്ച വിവരശേഖരണം ഭവന നിർമ്മാണ ബോർഡ് നടത്തിയിട്ടില്ല. ലാന്റ് റവന്യൂ കമ്മീഷണറുടെ 26.11.2013- ലെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 470606 കുടുംബങ്ങൾ ഉണ്ട്. ഇവരിൽ 179210 കുടുംബങ്ങൾ സ്വന്തമായി ഭൂമിയുമില്ലാത്തവരാണ്.

(എ) യും (ബി) യും ഭവനരഹിതരുടെ എണ്ണം സംബന്ധിച്ച ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| District | No. of houseless people with land | No. of houseless people without land |
|---|---|---|
| Tiruvanathapuram | 22837 | 33229 |
| Kollam | 25336 | 16776 |
| Alappuzha | 32887 | 8329 |
| Pathanamthitta | 12335 | 6727 |
| Idukki | 36732 | 12525 |
| Kottayam | 13301 | 10186 |
| Ernakulam | 34748 | 15984 |
| Trissur | 17282 | 11146 |
| Palakkad | 12194 | 32505 |
| Malappuram | 20923 | 9627 |
| Wayanad | 24144 | 5866 |
| Kozhikkode | 15937 | 6222 |
| Kannoor | 13643 | 4746 |
| Kasargode | 9097 | 5342 |
| **Total** | **291396** | **179210** |

(സി) ഈ വിഭാഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് നിലവിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം വകുപ്പുകൾക്കാണ് ഈ പദ്ധതികളുടെ നടത്തിപ്പ് ചുമതലയുള്ളതെന്ന് വെളിപ്പെടുത്തുമോ;

സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് നിലവിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) യും (ഡി) യും

| പദ്ധതി | നടപ്പിലാക്കുന്ന വകുപ്പ് |
|---|---|
| സാഫല്യം ഭവന പദ്ധതി | ഭവന നിർമ്മാണ വകുപ്പ്. |
| കോഴിക്കോട് ബംഗ്ളാദേശ് കോളനി പുനർനിർമ്മാണം | ഭവന നിർമ്മാണ വകുപ്പ്. |
| ഗൃഹശ്രീ ഭവന പദ്ധതി | ഭവന നിർമ്മാണ വകുപ്പ്. |
| സുനാമി ഭവന പദ്ധതി | റവന്യൂ (ഡിസാസ്റ്റർ മാനേജ്മെന്റ് ) വകുപ്പു (Coastal Housing Resettlement Project under TRP) |
| വിമുക്ത ഭടൻമാർക്കുള്ള ഹൗസിംഗ് സ്കീം | സൈനികക്ഷേമ വകുപ്പ് |
| പട്ടിക ജാതിക്കാർക്ക് വീടില്ലാത്തവർക്കു വീടു നൽകുന്ന പദ്ധതി | പട്ടിക ജാതി വികസന വകുപ്പ്. |
| പട്ടിക വർഗ്ഗക്കാർക്കു വേണ്ടിയുള്ള ജനറൽ ഹൗസിംഗ് സ്കീം | പട്ടിക വർഗ്ഗ വികസന വകുപ്പ്. |
| പട്ടിക വർഗ്ഗക്കാർക്കു വേണ്ടിയുള്ള പി.റ്റി.ജി ഹൗസിംഗ് സ്കീം | പട്ടിക വർഗ്ഗ വികസന വകുപ്പ്. |
| നാഷണൽ ഫിഷർമെൻ വെൽഫെയർ ഫണ്ട് പദ്ധതി | ഫിഷറീസ് വകുപ്പ്. |
| ബീഡി തൊഴിലാളി കൾക്കായുള്ള റിവൈസ്ഡ് ഇന്റഗ്രേറ്റഡ് ഭവന പദ്ധതി (കേന്ദ്ര സർക്കാർ പദ്ധതി) | തൊഴിലും പുനരധിവാസവും വകുപ്പ് |
| BSUP (Basic Services for Urban Poor) | കുടുംബശ്രീ മിഷൻ അക്രെഡിറ്റഡ് ഏജൻസികൾ മുഖേന ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നു. (തദ്ദേശ സ്വയംഭരണ വകുപ്പ്) |

| | |
|---|---|
| ISHDP (Integrated Housing and Slum Development Programme ) | കുടുംബശ്രീ മിഷൻ അക്രെഡിറ്റഡ് ഏജൻസികൾ മുഖേന ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നു.(തദ്ദേശ സ്വയംഭരണ വകുപ്പ്) |
| രാജീവ് ആവാസ് യോജന (RAY) | കുടുംബശ്രീ മിഷൻ അക്രെഡിറ്റഡ് ഏജൻസികൾ മുഖേന ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നു.(തദ്ദേശ സ്വയംഭരണ വകുപ്പ്) |
| ഇന്ദിര ആവാസ് യോജന (IAY) | ഗ്രാമ വികസന വകുപ്പ്. |

ഇതു കൂടാതെ വാസയോഗ്യമല്ലാതായി തീർന്നിട്ടുള്ള എം.എൻ. ലക്ഷം വീട് പദ്ധതി പ്രകാരമുള്ള വീടുകളുടെ പുനർ നിർമ്മാണവും, മേൽക്കൂരയുടെ നിർമ്മാണവും ഭവന വകുപ്പ് മുഖേന നടപ്പിലാക്കുന്നു.

(ഇ) ഈ പദ്ധതികൾ ശരിയായി നടത്തുന്നുണ്ടെന്നും, ഒരു കുടുംബത്തിന് വ്യത്യസ്ത പദ്ധതികളിൽ നിന്നുള്ള ആനുകൂല്യം ലഭിക്കുന്നില്ലെന്നും ഉറപ്പു വരുത്താൻ നിലവിൽ പ്രവർത്തിക്കുന്ന സംവിധാനം ഏതാണെന്ന് വിശദമാക്കുമോ?

(സി) ഭവന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് മറ്റു പദ്ധതികളിൽ നിന്നും ആനുകൂല്യം ലഭ്യമായിട്ടുണ്ടോ എന്ന വസ്തുത വില്ലേജ് ഓഫീസർ/ബന്ധപ്പെട്ട അധികാരികളിൽ നിന്നും സാക്ഷ്യപത്രം വാങ്ങി പരിശോധിച്ചുറപ്പാക്കിയ ശേഷമാണ് ആനുകൂല്യങ്ങൾ നല്കുന്നത്.

Pillai

സെക്ഷൻ ഓഫീസർ